**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1348** **19-09-2025 - ൽ മറുപടിയ്ക്ക്**

**വല്ലടിച്ചിറ പാലം പുന:നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിൽ കാവുംപുറം – ആതവനാട് റോഡിൽ വല്ലടിച്ചിറ തോടിന് കുറുകേയുള്ള പാലം അപകടാവസ്ഥയിൽ ആണെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | വല്ലടിച്ചിറ പാലം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ നിർമ്മിക്കപ്പെട്ടതോ, പാലങ്ങൾ വിഭാഗത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടന്നതോ അല്ല. മാത്രമല്ല പ്രസ്തുത പാലം വി.സി.ബി. കം -ബ്രിഡ്ജ് ആണ്. പ്രസ്തുത പാലം പരിശോധിച്ചതിൽ വി.സി.ബി. കം - ബ്രിഡ്ജ് തകരാറുകൾ വന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | ദിനംപ്രതി നൂറുകണക്കിനു വാഹനങ്ങൾ കടന്നു പോകുന്ന പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പ്രസ്തുത പാലം ഗതാഗത യോഗ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ പുനർ നിർമ്മാണത്തിനായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായുള്ള നിർദ്ദേശം പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പാലം ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടി ആവശ്യപ്പെട്ട് ശ്രീ. സദാനന്ദൻ കോട്ടീരി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ബി പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ